**ആരോഗ്യവകുപ്പ് ഡയറക്ടറുടെ**
**നടപടിക്രമം, തിരുവനന്തപുരം**

---

വിഷയം:- ആവഡ - ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് ബൈ പ്രൊമോഷൻ മുഖേന സ്ഥാനക്കയറ്റം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1 ഗസറ്റ് നോട്ടിഫിക്കേഷൻ ഇ എസ് 4-4677/2026/2025/DHS തീയതി 23/05/2026

2 ഉത്തരവ് നമ്പർ OA (EKM )No. 578/2026 തീയതി 21/05/2026

3. ആരോഗ്യ കുടുംബക്ഷേമ (എച്ച് ) വകുപ്പിന്റെ 29/09/2023,25/06/2024 തീയതികളിലെ H2/70/2020-Health നമ്പർ കത്ത്

4.ആരോഗ്യ കുടുംബക്ഷേമ (എച്ച് ) വകുപ്പിന്റെ 16/06/2020 തീയതിയിലെ H2/70/2020-Health നമ്പർ കത്ത്

**ഉത്തരവ് നം:** DHS/2646/2023-FWA2 **തീയതി:** 27-05-2026

---

ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും ബൈ പ്രൊമോഷൻ മുഖേന നിയമനം നടത്തുന്നതിനായി മേൽ പരാമർശം 1 പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. എന്നാൽ പരാമർശം 2 ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ ഉത്തരവിൽ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തുമ്പോൾ അനുബന്ധം A2 (G.O(MS).60/75/Health dated :17/03/1975) കർശനമായി പാലിക്കണമെന്നും നേരിട്ടുള്ള നിയമനത്തിന് ലഭ്യമായ ഒഴിവുകൾ അനുബന്ധം A1 റാങ്ക് ലിസ്റ്റിൽ നിന്ന് മാത്രമേ നികത്താവൂ എന്നും ഉത്തരവിട്ടിരിക്കുന്നു.

G.O(MS).60/75/Health dated :17/03/1975 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും, സ്ഥാനക്കയറ്റം വഴിയുള്ള നിയമനവും 1:1 എന്ന അനുപാതത്തിലായിരിക്കണമെന്നും, ആദ്യ ഒഴിവ് ഒരു വകുപ്പുതല ഉദ്യോഗാർഥിക്കും രണ്ടാമത്തേത്

നേരിട്ടുള്ള നിയമനത്തിലൂടെയും നികത്തണമെന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിലെ മാസ്സ് മീഡിയ വിഭാഗത്തിലെ എൻട്രി കേഡർ തസ്തികയായ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിൽ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ **G.O(MS).60/75/Health dated:17/03/1975** പ്രകാരമുള്ള എക്സിക്യൂട്ടീവ് ഓർഡറിൻ്റെ അടിസ്ഥാനത്തിലാണ് ടി തസ്തികയിൽ നിയമനം നടത്തി വരുന്നത്.

**05/12/1992** തീയതിയിലെ **GO(P) No.57/92/P&ARD ~ KS&SSR- Part II Rule 5 Note 3** പ്രകാരം ഒരു തസ്തികയിലേക്ക് വ്യത്യസ്ത നിയമന രീതികൾ ഉണ്ടെങ്കിൽ **cadre strength-** ൽ **ratio** അപ്ലൈ ചെയ്തുമാത്രമേ നിയമനം നടത്താവൂ എന്ന ഉത്തരവ് നിലവിലുണ്ട്. നിലവിൽ **1:1** റേഷ്യോ പ്രകാരമാണ് നിയമനവും പ്രൊമോഷനും നടത്തി വരുന്നത്.

**FWA2-96203/2018/DHS DTD 28/05/2020** ഉത്തരവ് പ്രകാരം **3** ബൈ പ്രൊമോഷൻ നിയമനം നടത്തി ടി തസ്തികയിൽ ഒഴിവ് നികത്തിയത് എക്സിക്യൂട്ടീവ് ഓർഡറിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകയാൽ അംഗീകരിക്കുവാൻ സാധിക്കില്ല എന്നും നേരിട്ടുള്ള നിയമനത്തിൽ ഉണ്ടായ **Back Log** ഒഴിവാക്കുന്നതിനായി രണ്ട് ഒഴിവുകൾ കൂടി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്നും പരാമർശം **4** പ്രകാരം സർക്കാരിൽ നിന്നും നിർദേശം ലഭിക്കുകയുണ്ടായി.

അതിനു ശേഷം ഉണ്ടായ വേക്കൻസികളിലേക്ക് എല്ലാം ബൈ പ്രൊമോഷൻ മുഖേനയും നേരിട്ടുള്ള നിയമനവും ഒന്നിടവിട്ടാണ് നടത്തുന്നത്. ഇത് കാരണം നേരിട്ട് നിയമനം ലഭിച്ചവരുടെ എണ്ണം ബൈ പ്രൊമോഷൻ ലഭിച്ചവരുടെ എണ്ണത്തേക്കാൾ കൂടുതൽ ആയി നിലനിന്നു വരുന്നു.

**14** ജില്ലകളിലായി ഡെപ്യുട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസറുടെ **28** തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ നേരിട്ടുള്ള നിയമനത്തിലൂടെ **16** പേരും, ബൈ ട്രാൻസ്ഫർ പ്രൊമോഷനിലൂടെ **6** പേരും നിലവിൽ സേവനത്തിൽ തുടരുന്നു.

അനുവദിക്കപ്പെട്ട ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികകളിൽ നേരിട്ട് നിയമനം ലഭിക്കുന്നവരുടെയും ബൈപ്രോമോഷൻ നിയമനം ലഭിക്കുന്നവരുടെയും എണ്ണം തമ്മിൽ **1 : 1** എന്ന അനുപാതം നിലനിർത്തി ആയിരുന്നു നിയമനം നടത്തിയിരുന്നത് **(14 PSC - 14 BY PROMOTION )**. ഇതിൽ നിന്നും വിഭിന്നമായി, വരുന്ന ഒഴിവിന്റെ എണ്ണത്തിൽ **1 : 1** എന്ന നിയമന രീതി സ്വീകരിച്ചപ്പോൾ **14 - 14** എന്ന അനുപാതം മാറുകയും ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിൽ **21** പേര് **PSC** യും **3** പേര് ബൈ പ്രൊമോഷൻ മുഖേനയും എന്ന അനുപാതത്തിലായി. അത് നിരവധി പരാതികൾ ലഭിക്കുവാൻ കാരണമാകുകയും കോടതി

വ്യവഹാരങ്ങൾക്കു വഴി വയ്ക്കുകയും ചെയ്യു. ആയതിനാൽ സർക്കാരിനോട് പ്രസ്തുത വിഷയത്തിൽ നിർദേശം ആരായുകയും സർക്കാരിൽ നിന്നും കേഡർ സ്ട്രെങ്ങ്തിൽ 1 : 1 പാലിക്കുവാൻ പരാമർശം 3 പ്രകാരം കർശന നിർദേശം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

നിലവിലെ 6 ഒഴിവുകളും ബൈ പ്രൊമോഷൻ തസ്തികയിലെ ജീവനക്കാർ വിരമിച്ചത് മുഖേന ഉണ്ടായ ഒഴിവ് ആയതിനാലും 1 : 1 റേഷ്യോ പ്രകാരം പി എസ് സി മുഖേന നിയമിതരായവർ 16 ആയതിനാലും ഡി പി സി കൂടി ലഭ്യമായ സെലക്ട് ലിസ്റ്റിലെ ജീവനക്കാർക്കു മാത്രമേ പ്രൊമോഷൻ നൽകുവാൻ സാധിക്കുകയുള്ളു. ആയതിനാൽ സൂചന 2 പ്രകാരമുള്ള ബഹു ട്രിബ്യൂണൽ ഉത്തരവിലെ നിർദേശം കർശനമായി പാലിച്ചു കൊണ്ട് 1958 ലെ കെ.എസ് & എസ്.എസ്.ആർ. ചട്ടം 28(ബി) (1) പ്രകാരം ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ തസ്തികയിലേക്ക് 55200 - 115300 രൂപ ശമ്പള സ്കെയിലിൽ അതാതു ജീവനക്കാരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ജില്ലകളിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച്ഉത്തരവാകുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര് ,നിലവിൽ സേവനത്തിനുള്ള സ്ഥാപനം | പെൻ | ജനന തീയതി | സ്ഥാനക്കയറ്റം നടത്തി നിയമിക്കുന്ന ജില്ല ,സ്ഥാപനം |
|---|---|---|---|---|---|
| 1 | 50 | ശ്രീ ഹരിദാസ് പി, CHC മങ്കട, മലപ്പുറം | 340221 | 15/05/1970 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), മലപ്പുറം |
| 2 | 55 | ശ്രീ ശ്രീകുമാർ എസ്, CHC മൈനാഗപ്പള്ളി, കൊല്ലം | 209057 | 21/05/1970 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), എറണാകുളം |
| 3 | 56 | ശ്രീ അജിത് കുമാർ സി ഓ, CHC ശൂരനാട്, കൊല്ലം | 209192 | 31/05/1970 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോട്ടയം |
| 4 | 57 | ശ്രീ അജിത് കുമാർ ഡി, CHC അഞ്ചൽ , കൊല്ലം | 208588 | 19/04/1971 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), മലപ്പുറം |
| 5 | 61 | ശ്രീ സ്റ്റാൻലി വർഗീസ്, CHC മീനങ്ങാടി, വയനാട് | 340584 | 07/05/1970 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം ), കണ്ണൂർ |

| | | | | | |
|---|---|---|---|---|---|
| 6 | 62 | ശ്രീ സജീവ് എസ്, CHC മണമ്പൂർ , തിരുവനന്തപുരം | 236174 | 25/05/1970 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),കാസർഗോഡ് |

ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരുവർഷത്തിനുള്ളിൽ ആറു മാസമാണ് പ്രൊബേഷൻ കാലയളവ്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ഒരുമാസത്തിനുള്ളിൽ ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ കേഡറിലെ ശമ്പള സ്ഥിരീകരണ പ്രഖ്യാപനം ടി ഉദ്യോഗസ്ഥർ സമർപ്പിക്കേണ്ടതാണ്. റിലീവിങ്, ജോയ്നിങ് ഡ്യൂട്ടി സംബന്ധിച്ച ആർ ടി സി കൾ കൃത്യ സമയത്ത് ലഭ്യമാക്കേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവിന്റെ പകർപ്പ് റിലീവിങ്, ജോയ്നിങ് ഡ്യൂട്ടിക്കായുള്ള ആധികാരിക പകർപ്പായി ഉപയോഗിക്കേണ്ടതാണ്.

Digitally signed by
Reena K J
Date: 27-05-2026
17:42:46

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1. അക്കൗണ്ടൻറ് ജനറൽ (A&E), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം )
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
4. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യം)
5. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക്
6. ഫയൽ/സ്റ്റോക്ക് ഫയൽ